● ലേഖനം

അബ്ദുല്ല നദ്‌വി കുറ്റൂര്‍

# സ്വൂഫിസം ഇഖ്ബാല്‍ കവിതകളില്‍

**സ്വൂഫിസം** ഇന്ത്യയിലെത്തിയത് പേര്‍ഷ്യയില്‍നിന്നാണ്. മതത്തിന്റെ ഓരംപറ്റിയായിരുന്നു എക്കാലത്തും സ്വൂഫിസത്തിന്റെ നിലനില്‍പ്. ഭക്തിപ്രസ്ഥാനവുമായും അദ്വൈത സിദ്ധാന്തവുമായും അതിനുള്ള അടുപ്പവും നിഷേധിക്കാനാവില്ല. സമൂഹത്തില്‍നിന്ന് ഉള്‍വലിഞ്ഞ് കര്‍മവിമുഖരായി കേവലം മന്ത്രോച്ചാരണത്തിലും അനുഷ്ഠാനങ്ങളിലും മുഴുകാന്‍ ഉദ്ബോധിപ്പിക്കുന്ന സ്വൂഫിസത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ശരിക്കും ബോധവാനായിരുന്നു മഹാകവി അല്ലാമാ മുഹമ്മദ് ഇഖ്ബാല്‍.

ഇഖ്ബാല്‍ യൂറോപ്പില്‍ ചെലവഴിച്ച 1905-1908 കാലയളവ് അദ്ദേഹത്തിന്റെ ജീവിതത്തില്‍ വഴിത്തിരിവിന് കാരണമായി. ഇതിനു ശേഷമാണ് ഇഖ്ബാല്‍ കവിതകളില്‍ കാതലായ ചില ചുവടു മാറ്റങ്ങള്‍ ദൃശ്യമാകുന്നത്. ഇസ്‌ലാമിന്റെ ദാര്‍ശനികത കൂടുതലായി കവിതകളില്‍ പ്രതിബിംബിക്കാനും തുടങ്ങി.

ഇഖ്ബാല്‍ യൂറോപ്പില്‍നിന്ന് ഇന്ത്യയില്‍ തിരിച്ചെത്തിയപ്പോള്‍ ഇന്ത്യന്‍ മുസ്‌ലിംകളുടെ അവസ്ഥ അത്യന്തം ശോചനീയവും ആപത്കരവുമായിരുന്നു. മതപുരോഹിതരും പണ്ഡിതന്മാരും കവികളുമുള്‍പ്പെടെ സമൂഹത്തിന്റെ സിംഹഭാഗവും നിഷേധാത്മക സ്വൂഫിസത്തിന്റെ സ്വാധീനവലയത്തില്‍ കുരുങ്ങിക്കഴിഞ്ഞിരുന്നു. എല്ലാ നിലക്കും രോഗാതുരമായ ഈ സമൂഹത്തെ വിമോചിപ്പിക്കാന്‍ അശ്രാന്തം പരിശ്രമിച്ച സാമൂഹിക പരിഷ്കര്‍ത്താക്കള്‍ കൂടിയായ കവികളായിരുന്നു മൗലാനാ ഹാലിയും അല്ലാമാ ഇഖ്ബാലും. മൗലാനാ ഹാലി തന്റെ *മുസദ്ദസ്* കവിതകളിലൂടെ സമൂഹത്തെ ബാധിച്ച അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നേര്‍ക്കുനേരെ വിമര്‍ശിച്ചപ്പോള്‍, സ്വൂഫിസത്തിന്റെ ദാര്‍ശനിക വൈകല്യം സൃഷ്ടിച്ച ജീര്‍ണതകള്‍ നീക്കുന്നതിലായിരുന്നു ഇഖ്ബാല്‍ പ്രധാനമായും ശ്രദ്ധിച്ചത്. 'ആത്മരഹസ്യങ്ങള്‍' (അസ്‌റാറെ ഖുദീ) എന്ന തത്ത്വചിന്ത ഇഖ്ബാല്‍ ബദലായി സമര്‍പ്പിക്കുന്നു. സ്വൂഫിസം കേവലം ആത്മസംസ്കരണോപാധിയല്ലെന്നും ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും ഫിലോസഫിയായി അത് മാറണമെന്നും ഇഖ്ബാല്‍ നിരീക്ഷിച്ചു. നിലവിലുള്ള സ്വൂഫീചിന്തകള്‍ സൃഷ്ടിക്കുന്ന നിഷ്ക്രിയത്വവും ജീവിതവിരക്തിയും സാമൂഹിക ഘടനയെ തകിടം മറിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നല്‍കി. സ്വൂഫിസത്തിന്റെ സ്വാധീനം അക്കാലത്ത് എത്രമാത്രം ശക്തമായിരുന്നുവെന്ന് തെളിയിക്കുന്ന ഒരു സംഭവമുണ്ട്. അക്കാലത്തെ സ്വൂഫി കവിയായ ഹാഫിസിനെ വിമര്‍ശിച്ച് ഇഖ്ബാല്‍ ഒരു കവിത രചിച്ചു. ഈ കവിത സ്വൂഫീവൃത്തങ്ങളില്‍ ഏറെ കോളിളക്കമുണ്ടാക്കി. താന്‍ ആ കവിതയെഴുതിയത് തെറ്റായിപ്പോയി എന്ന് കുറ്റസമ്മതം നടത്താന്‍ വരെ ഇഖ്ബാല്‍ നിര്‍ബന്ധിതനായി. *അസ്‌റാറെ ഖുദീ*യുടെ അടുത്ത പതിപ്പില്‍നിന്ന് ആ കവിത പിന്‍വലിക്കുകയും ചെയ്തു. സ്വൂഫിസത്തിന് സമൂഹത്തിലുണ്ടായിരുന്ന സ്വാധീനത്തിന്റെ ശക്തിയാണിത് സൂചിപ്പിക്കുന്നത്

## *അസ്‌റാറെ ഖുദീ*

വിശ്വാസികളെ രാത്രിയുടെ അന്ത്യയാമങ്ങളില്‍ പ്രാര്‍ഥനാനിരതരും പകല്‍ അടര്‍ക്കളത്തില്‍ അശ്വഭടന്മാരുമാക്കാത്ത, കര്‍മരാഹിത്യത്തെ പ്രതിനിധീകരിക്കുന്ന സ്വൂഫിസം ഇസ്‌ലാമിന് അന്യമാണെന്ന് ഇഖ്ബാല്‍ വിശ്വസിച്ചു. ചില സ്വൂഫീധാരകള്‍ വിഭാവനം ചെയ്യുന്ന വഹ്ദത്തുല്‍ വുജൂദില്‍-അദ്വൈതത്തില്‍- മനുഷ്യര്‍ക്കോ പ്രാപഞ്ചിക യാഥാര്‍ഥ്യങ്ങള്‍ക്കോ മറ്റു സൃഷ്ടിജാലങ്ങള്‍ക്കോ ആസ്തിക്യമില്ല. മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും ഉണ്മയെ നിഷേധിക്കുന്ന, അവയെ മായയായി കാണുന്ന ചിന്താധാരകള്‍ അംഗീകരിക്കാനാവില്ല. അങ്ങനെയാണ് അദ്ദേഹം *അസ്‌റാറെ ഖുദീ*യെ ബദല്‍ ജീവിതദര്‍ശനമായി അവതരിപ്പിച്ചത്. ഈ ദര്‍ശന പ്രകാരം മനുഷ്യന് സ്വത്വവും അസ്തിത്വവുമുണ്ട്. ഇവിടെ പ്രപഞ്ചത്തിന്റെയും ദൈവത്തിന്റെയും ശ്രദ്ധാ കേന്ദ്രമാണ് മനുഷ്യന്‍. മനുഷ്യന്റെ ആസ്തിക്യവും പ്രഭാവവും ചിത്രീകരിക്കുന്ന ചില വരികള്‍ കാണുക: "നിന്നെ കൂടാതെയുള്ള പ്രപഞ്ചം സൗന്ദര്യരഹിതമാണെന്ന് അവന്‍ ദൈവം അറിയുന്നു. അതുകൊണ്ടാണ് നിന്നെ പാട്ടിലാക്കാനായി അവന്‍ കിണഞ്ഞു ശ്രമിക്കുന്നത്... ചിലപ്പോള്‍ അവന്‍ നിന്നെ നക്ഷത്രങ്ങളിലൂടെ മാടി വിളിക്കുന്നു. ചിലപ്പോള്‍ മിന്നല്‍ പിണരുകളാകുന്ന ദീപങ്ങള്‍ കൊളുത്തി നിന്നെ തെരയുന്നു. മറ്റു ചിലപ്പോള്‍ ഘോരമായ ഇടിനാദം മുഴക്കി നിന്നെ പ്രലോഭിപ്പിച്ചു വശീകരിക്കാന്‍ നോക്കുന്നു. എന്നാല്‍ സദൃശ്യോപായങ്ങളില്‍ നീ വഞ്ചിതനാവാതിരിക്കുക. നിന്നെ നീ അറിയുക, നിന്റെ സന്ധികളെ നീ ഗ്രഹിക്കുക. നിന്റെ നിയോഗം നീ നിര്‍വഹിക്കുക. അപ്പോള്‍ ദിവ്യശക്തി നിന്നില്‍ ആവാഹിക്കും!"

അനന്ത സാധ്യതകള്‍ ഒളിഞ്ഞുകിടക്കുന്ന അതുല്യ പ്രതിഭയാണ് മനുഷ്യനെന്നും ആ പ്രതിഭയുടെ സ്ഫുരണങ്ങള്‍ കര്‍മപഥത്തില്‍ കാണണമെന്നും ഇഖ്ബാല്‍ ഉണര്‍ത്തുന്നു. "മറുകരയില്ലാത്ത ഒരു മഹാസാഗരമാണ് നിന്റെ സ്വത്വം. നീയാകട്ടെ അതൊരു ചഷകമാണെന്ന് തെറ്റിദ്ധരിച്ചു. എന്നാല്‍, നീ നിസ്സഹായനല്ല, നിന്റെ ഉത്തുംഗതയെ കുറിച്ച് നക്ഷത്രങ്ങളുണ്ടോ അറിയുന്നു? മണ്ണിനാല്‍ സൃഷ്ടിക്കപ്പെട്ട നീ നക്ഷത്രങ്ങളെ അനുധാവനം ചെയ്യേണ്ടവനല്ല."

ദുര്‍വിധിയെ പഴിക്കാതെ ആത്മാ

വിനെ പോഷിപ്പിച്ച് കർമങ്ങളിലൂടെ മുന്നേറാനും ദൈവം നേരിട്ട് അഭിപ്രായം ആരായുന്ന നില വരെ ഉയരാനും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. "സർവവിധ ഭാഗധേയങ്ങൾക്കും ഉപരിയായി നിന്റെ ആത്മാവിനെ നീ പോഷിപ്പിക്കുക. അപ്പോൾ ഉടമ അടിമയോട് നേരിട്ട് ചോദിക്കും: നിന്റെ ഇഷ്ടമെന്താണ്?"

ഇഖ്ബാലിന്റെ തത്ത്വചിന്തയുടെ സാരാംശം ഈ വരികളിൽ അടങ്ങിയിരിക്കുന്നു: ''ഈ അലകളുതിർക്കുന്ന ആത്മാവ് എന്താണ്? വാളാണത്. ഖുദീ (സ്വത്വബോധം) എന്താണ്? വാളിന്റെ വായ്ത്തലയാണത്. ഖുദീ എന്താണ്? ജീവിതത്തിന്റെ അന്തർധാരയുടെ രഹസ്യം. ഖുദീ എന്താണ്? പ്രപഞ്ചത്തിന്റെ പ്രബുദ്ധതയാണത്. ഖുദീ ആനന്ദ നിർഭരമായ ദൃഷ്ടിയും ഏകാന്തതയും അനുരക്തതയുമാണ്. ഒരു തുള്ളി ജലത്തിൽ നീലീനമായ മഹാസാഗരം."

## പൈഗാമെ അമൽ

ഖുദീ തത്ത്വചിന്തയുമായി താദാത്മ്യം പുലർത്തുന്ന മറ്റൊരു ഇഖ്ബാലിയൻ ആശയമാണ് *പൈഗാമെ അമൽ* (കർമസന്ദേശം). സ്വൂഫിസത്തിന്റെ കർമരാഹിത്യത്തെ വിമർശിക്കുന്നതോടൊപ്പം അലസരും കർമവിമുഖരുമായ ജനതയെ കർമോത്സുകരും ജാഗരൂകരുമാക്കുകയുമാണ് അദ്ദേഹം.

സ്വന്തം കഴിവുകളുടെ വ്യാപ്തിയറിയാതെ അലസനായി കഴിയുന്നതു മൂലമാണ് താൻ എത്തേണ്ട സ്ഥാനത്ത് തനിക്ക് എത്താൻ സാധിക്കാതെ പോകുന്നത്. ഈ സന്ദേശം ആവിഷ്കരിക്കാൻ അദ്ദേഹം കണ്ടെടുക്കുന്ന കാവ്യശിൽപത്തിന്റെയും രൂപകബിംബങ്ങളുടെയും ചാരുത പകർന്ന് നൽകുക അസാധ്യമാണ്. അതിന്റെ ഏകദേശ ആശയപരിഭാഷ മാത്രം നടത്താം: "ഹേ കർഷകാ! നിന്റെ യഥാർഥ നില നീ ഗ്രഹിക്കുക. വിത്തും വിളയും വയലും പേമാരിയും നീ തന്നെയാണ്."

''കൊടുങ്കാറ്റടിക്കുമ്പോൾ നീ എന്തിനു പരിഭ്രമിക്കുന്നു? വഞ്ചിക്കാരനും വഞ്ചിയും തീരവും നീ തന്നെയല്ലേ?"

"അവിവേകിയായ മനുഷ്യാ! കാലത്തിന്റെ കണ്ണാടിയിൽ പതിച്ച വൈരക്കല്ലാണ് നീ. ഈ യുഗത്തിലെ ദൈവത്തിന്റെ അന്ത്യസന്ദേശമാണ് നീ."

"അൽപം പൂമൊട്ടുകൾ കൊണ്ട് സായുജ്യമടയുന്ന നീ പമ്പര വിഡ്ഢിതന്നെ. നിന്റെ മടിത്തട്ട് നിറയുവോളം വാരിയെടുക്കാൻ മാത്രം കുസുമങ്ങൾ ഈ ഉദ്യാനത്തിലില്ലേ?"

"വിസ്മൃതനായ മനുഷ്യാ! നീ ഒരു തുള്ളി ജലകണികയാണെങ്കിലും അപാരമായ സമുദ്രത്തിന്റെ കഴിവ് നിനക്കുണ്ട്."

"നിനക്ക് വിവേകമുണ്ടെങ്കിലും വാളും പരിചയും കൂടാതെ സപ്ത ഖണ്ഡങ്ങളെയും സ്വന്തമാക്കാനുള്ള ശക്തി നിന്നിൽ നിഗൂഢമായിരിപ്പുണ്ടെന്ന പരമാർഥം നീ ഗ്രഹിക്കുക."

"ജീവിത പൂങ്കാവനത്തിൽ അഭിമാനപൂർവം ജീവിക്കണമെന്ന് നീ ആഗ്രഹിക്കുന്നുവെങ്കിൽ യാതനകളുടെ മുള്ളുകെട്ടുകൾക്കിടയിൽ കുടുങ്ങി ജീവിക്കാൻ ശീലിക്കുക"

"കർമം കൊണ്ട് ജീവിതം പണിയാം. സ്വർഗവും നരകവും പണിയാം. മനുഷ്യാ! നീ മൂലകത്തിൽ (പ്രകൃതം) പ്രകാശവുമല്ല, അഗ്നിയുമല്ല."

## പ്രതിനിധാനം

ദൈവത്തിന്റെ 'ഖലീഫ' പട്ടം നൽകപ്പെട്ട മനുഷ്യന്റെ ചിന്താമണ്ഡലത്തിൽ താൻ പ്രതിനിധിയാണെന്ന ബോധം എപ്പോഴും സജീവമായിരിക്കണം. *ഖുദീ*യുടെയും *പൈഗാമെ അമലി*ന്റെയും കേന്ദ്രബിന്ദുവിൽതന്നെ കറങ്ങുന്ന തത്ത്വചിന്തയാണ് പ്രതിനിധാനബോധവും. ദൈവത്തിന്റെ ഗുണങ്ങൾ സ്വായത്തമാക്കി, അവ കർമപഥത്തിൽ കൊണ്ടുവരാനാണ് കവി ഉപദേശിക്കുന്നത്. *റഹീം* (കരുണാവാരിധി), *റഹ്മാൻ* (പരോപകാരി), *ഗഫൂർ* (മാപ്പു നൽകുന്നവൻ), *സ്വബൂർ* (ക്ഷമാലു) തുടങ്ങിയ ദൈവിക ഗുണങ്ങൾ സ്വാംശീകരിച്ച് അവ ജീവിതത്തിൽ പ്രകാശിപ്പിക്കുക. ആതുരശുശ്രൂഷയെ സംബന്ധിച്ച്, 'ഞാൻ രോഗിയായപ്പോൾ നീ എന്തുകൊണ്ട് എന്നെ സന്ദർശിച്ചില്ല' എന്ന് ദൈവം അന്വേഷിക്കുമെന്ന നബിവചനം ഇവിടെ ശ്രദ്ധേയമാണ്. പ്രാതിനിധ്യബോധം ഉദ്ദീപിപ്പിച്ച് സമരഗോദയിലേക്ക് മുന്നേറാൻ പ്രോത്സാഹിപ്പിക്കുന്ന കവിതകൾ സ്വൂഫിസത്തിന്റെ കർമവിമുഖതയെ ചോദ്യം ചെയ്യുന്നു. മനുഷ്യന്റെ സൃഷ്ടിപരതയെ പ്രകീർത്തിക്കുന്ന ചില വരികൾ കാണുക: "മനുഷ്യൻ ദൈവത്തിന്റെ തിരുസന്നിധിയിലേക്ക് ആനയിക്കപ്പെടുന്നു. പിന്നെ തന്റെ സർഗസിദ്ധികളുടെ പ്രകാശനവും വിചാരണയുമാണ്. മനുഷ്യൻ പറയുന്നു: നീ രാത്രി നിർമിച്ചു. ഞാൻ വിളക്ക് തയാർ ചെയ്തു. നീ മണ്ണ് നിർമിച്ചിരുന്നു. ഞാൻ ചഷകം ഉണ്ടാക്കി. നീ പർവതങ്ങളും സമുദ്രതലങ്ങളും നിർമിച്ചപ്പോൾ ഞാനതിൽ ആരാമങ്ങളും പൂങ്കാവനങ്ങളും പണിതുണ്ടാക്കി. ശിലകളിൽനിന്ന് കണ്ണാടി നിർമിച്ചതും ഞാൻ തന്നെയല്ലേ?" വിശാലമായ ഭൂലോകം സൃഷ്ടിച്ച ദൈവത്തിന്റെ പ്രതിനിധിയെന്ന് അഭിമാനം കൊള്ളുന്ന മനുഷ്യൻ ഒരു കൊച്ചു മൺപാത്രമെങ്കിലും നിർമിക്കേണ്ടതില്ലേ? ഇഖ്ബാലിന്റെ ചോദ്യം എത്ര അർഥഗർഭമാണ്.

## സ്വൂഫികളുമായി മുഖാമുഖം

സ്വൂഫികളോടു നേരിട്ട് സംസാരിക്കുന്ന ഏതാനും കവിതകളും ഇഖ്ബാൽ എഴുതിയിട്ടുണ്ട്. സ്വൂഫിസത്തിന് പിഴച്ചതെവിടെ എന്ന അന്വേഷണമാണ് അവയിൽ. അതേസമയം, അബ്ദുൽ ഖാദിർ ജീലാനി, നിസാമുദ്ദീൻ ഔലിയ തുടങ്ങിയ നിസ്വാർഥരും സാമൂഹിക പരിഷ്കർത്താക്കളുമായ സ്വൂഫിവര്യന്മാരുടെ സേവനങ്ങളെ അദ്ദേഹം പ്രകീർത്തിക്കുകയും ചെയ്യുന്നുണ്ട്. സ്വൂഫിസത്തിന്റെ വികലധാരകൾക്കെതിരെയാണ് അദ്ദേഹത്തിന്റെ വിമർശനം.

"നമ്മുടെ സ്വൂഫിക്ക് ഓടിയൊളിക്കുകയല്ലാതെ നിർവാഹമുണ്ടായില്ല. ലോകത്തിന്റെ ആരവങ്ങളും തിന്മകളും സഹിക്കാൻ അയാൾക്കുണ്ടോ സാധിക്കുന്നു?"

"സ്വൂഫിസം പൂജാരിയുടെ ജപ മന്ത്രങ്ങളായി പരിണമിച്ചിരിക്കുന്നു. സത്യം അന്ധവിശ്വാസങ്ങളിൽ ലയിച്ചു അപ്രത്യക്ഷമായി. സമൂഹം പഴങ്കഥകളിൽ അഭിരമിച്ചു."

നാടിനും നാട്ടുകാർക്കും പ്രയോജനം ചെയ്യാത്ത, കുടുംബബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്ന സ്വൂഫിസം മൃതസമാനമാണെന്ന് ഇഖ്ബാൽ ഉണർത്തുന്നു.

"ആധ്യാത്മിക തത്ത്വചിന്ത ദൈവിക ജ്ഞാനങ്ങളും തന്റെ ആശ്രിതരുടെ യാതനകൾക്ക് പരിഹാരവും അഭയവും ആകുന്നില്ലെങ്കിൽ, എല്ലാം വ്യർഥം. ധ്യാനവും നിരീക്ഷണവും അനുഭൂതിയും നിന്റെ സ്വത്വബോധത്തിന്റെ കാവലാളാകുന്നില്ലെങ്കിൽ, ഇതെല്ലാം നിരർഥകം. മനസ്സിൽ മാത്രം ലാഇലാഹ ഇല്ലല്ലാഹ് ഉരുവിട്ടതുകൊണ്ടെന്തു നേട്ടം? ദേഹവും ദേഹിയും ദൃഷ്ടിയും മുസ്‌ലിമാകുന്നില്ലെങ്കിൽ അതുകൊണ്ടെന്തു നേട്ടം?"


റഫറൻസ്

1. *മുത്വലാ എ ഇഖ്ബാൽ*
2. *കുല്ലിയ്യാതെ ഇഖ്ബാൽ*